അനാഥാലയങ്ങളിലെയും വൃദ്ധമന്ദിരങ്ങളിലെയും അന്തേവാസികൾക്ക് നൽകിവരുന്ന പ്രതിമാസ ഗ്രാന്റ്

46 (1389)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ അനാഥാലയങ്ങളിലെയും വൃദ്ധമന്ദിരങ്ങളിലെയും അന്തേവാസികൾക്ക് നൽകിവരുന്ന പ്രതിമാസ ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

തൽക്കാലം പരിഗണനയിലില്ല.

മഹിളാ സമഖ്യപദ്ധതി

47 (1390) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 'മഹിളാ സമഖ്യ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) 'പെൺകുഞ്ഞ് പൊൻകുഞ്ഞ്' എന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്താണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം ഓരോ ജില്ലയിലും എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ സർവ്വതോൻമുഖമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിളാ സമഖ്യ. തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കും ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്കുമാണ് പദ്ധതിനടത്തിപ്പിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ബ്ലോക്കുകൾ. സമഖ്യയുടെ പഞ്ചായത്തുതല പ്രവർത്തകൾ ഈ ബ്ലോക്കുകളിൽ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പ്രവർത്തനം പുരോഗമിച്ചു വരുന്നു.

(ബി) ഇങ്ങനെയൊരു പദ്ധതിക്ക് രൂപം നൽകിയതായി അറിവില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly